പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 332 | 05-03-2012 -ൽ മറുപടിക്ക്.

## നിർദ്ധനവിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണ വായ്പാ കുടിശ്ശികകൾ തിരിച്ചടവിൽ നിന്നൊഴിവാക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർദ്ധന വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണ വായ്പാകുടിശ്ശികകൾ തിരിച്ചടവിൽ നിന്നൊഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിയിൽപ്പെട്ട ഭവനനിർമ്മാണ വായ്പകളാണെന്നും മറ്റുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്. മൈത്രി ഭവനവായ്പാ കുടിശ്ശിക എഴുതിത്തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം 38,384 വായ്പക്കാരുടെ കുടിശ്ശികത്തുകയായ 137.94 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്. |
| (ബി) വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കിയിട്ടുള്ളവർക്ക് ഭൂമിയുടെ പണയാധാരം തിരിച്ചുനൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ഉണ്ട്; സർക്കാർ ഉത്തരവുപ്രകാരം വായ്പ എഴുതിത്തള്ളിയവരുടെ ആധാരങ്ങൾ ബോർഡിന്റെ എല്ലാ വായ്പാ ഓഫീസുകൾ വഴിയും ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ